എസ്.റ്റി.എ(1)14363/11/ആർ.സി.എസ് സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 21.5.2011

## സർക്കുലർ നമ്പർ : 34/2011

വിഷയം: സഹകരണവകുപ്പ് - സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള - സഹകരണ സംഘങ്ങളുടെ - 2010-2011 വർഷത്തെ നമ്പര സ്റ്റേറ്റ്മെന്റും - സംഘങ്ങളുടെ പട്ടികയും ശേഖരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

2010-2011 വർഷത്തെ നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും ശേഖരിക്കുന്നതിനായി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും

2010-2011 വർഷത്തിൽ ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എണ്ണം പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ചട്ടം 15 പ്രകാരമുള്ള തരംതിരിവ് എന്നീ -വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ (അനുബന്ധം-1) സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കു പുറമേ എന്തെങ്കിലും അധികമായി രേഖപ്പെടുത്തുകയാണെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സംഘങ്ങളുടെ പേര് അടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റെയും നേരെ ഇപ്പോൾ പ്രവർത്തിക്കുന്നതാണോ? പ്രവർത്തനരഹിതമാണോ? ലിക്വിഡേഷനിൽ തുടരുന്നവയാണോ? തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും ചട്ടം 15 പ്രകാരമുള്ള ശരിയായ തരം തിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്) തുടങ്ങിയ ഓരോ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാത് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കോളത്തിൽ യാതൊരു രേഖപ്പെടുത്തലുകളും കൂടാതെ അയക്കുവാൻ പാടില്ലാത്തതും ഏതെങ്കിലും സംഘത്തെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ബാധകമല്ലായെങ്കിൽ ആയത് ബാധകമല്ല എന്ന് രേഖപ്പെടുത്തേണ്ടതും അധിക വിവരങ്ങൾ എന്തെങ്കിലും രേഖപ്പെടുത്തുവാനുണ്ടെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. "സംഘങ്ങളുടെ പേര് അടങ്ങിയ ലിസ്റ്റ് പ്രൊഫോർമയ 11 ൽ സമർപ്പിക്കേണ്ടതാണ്.

2. <u>പുതുതായി രജിസ്റ്റർ ചെയ്തതും ലിക്വിഡേറ്റ് ചെയ്തതും</u>

2010=2011 വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത സംഘങ്ങളുടെയും ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളുടെയും പേര് വിവരം, തരംതിരിവ്, വിലാസം രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകം നൽകേണ്ടതാണ്.

അപ്രകാരം തയ്യാറാക്കിയ നമ്പർ സ്റ്റേറ്റ്മെന്റ് 30.6.2011 ന് മുമ്പായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റുകൾ യഥാ സമയം കൃത്യതയോടെ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച്ച ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഈ വർഷത്തെ സ്റ്റേറ്റ്മെന്റുകൾ നിശ്ചിത സമയ പരിധിക്കകം കൃത്യതയോടെ സമർപ്പിക്കേണ്ടതും സമർപ്പിക്കു വിവരങ്ങൾ പൂർണ്ണമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടി വരുമെന്നും ഓർമ്മിപ്പിക്കുന്നു.

ഒപ്പ്

ശ്രീമതി.റാണിജോർജ്ജ്.ഐ.എ.എസ്

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:
1) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും
2) എല്ലാ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3) എഡിറ്റർ സഹകരണവീഥി/സഹകരണ ജേർണൽ
4. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

റിസർച്ച് ഓഫീസർ

കുറിപ്പ്: നമ്പർ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിന് വേണ്ടി നിർമ്മിച്ച Software അടങ്ങുന്ന സി.ഡി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. റിപ്പോർട്ടിന്റെ ഒരു കോപ്പി സി.ഡി യിലും അയച്ചുതരേണ്ടതാണ്.